പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4352 | 24.10.2016 -ൽ മറുപടിക്ക്.

## മണ്ണെണ്ണ കൂടുതലായി അനുവദിക്കുന്നതിന് നടപടി

ചോദ്യം

**ശ്രീ.ബി.ഡി. ദേവസ്സി**

(എ) ആദിവാസി കോളനികളിൽ മരം വീഴ്ച പോലുള്ള കാരണങ്ങളാൽ വൈദ്യുതി ആഴ്ചകളോളം ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടാകുന്നതിനാൽ ആദിവാസി തോട്ടം മേഖലകളിലെ താമസക്കാർക്ക് മണ്ണെണ്ണ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ:

(ബി) വൈദ്യുതി പതിവായി ലഭ്യമാകാത്ത ഇത്തരം കോളനികളിൽ നേരത്തെ ലഭിച്ചിരുന്ന മണ്ണെണ്ണ തുടർന്നും അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) & (ബി) കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മണ്ണെണ്ണ ഉപയോഗിച്ച് സംസ്ഥാനത്തിലെ 80 ലക്ഷത്തോളം വരുന്ന റേഷൻ കാർഡുകളിലെ വൈദ്യുതീകരിക്കാത്ത കാർഡുകൾക്ക് 4 ലിറ്ററും വൈദ്യുതീകരിച്ച കാർഡുകൾക്ക് ½ ലിറ്ററും വീതം മണ്ണെണ്ണ നല്കിയ ശേഷം ബാക്കി വരുന്ന മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്കും കാർഷിക മേഖലയ്ക്കും നല്കി വരുന്നു. കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മണ്ണെണ്ണയുടെ അളവിൽ ഓരോ വർഷവും ഗണ്യമായ കുറവുണ്ടാകുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മേൽ പറഞ്ഞ അളവിൽ തന്നെ മണ്ണെണ്ണ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആദിവാസികൾക്ക് ലഭ്യമാക്കുന്ന മണ്ണെണ്ണ അനുവദിച്ച അളവിൽ തന്നെ വിതരണം ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്ന മണ്ണെണ്ണയുടെ അളവിൽ വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ ആദിവാസികൾക്ക് കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. മരം വീഴ്ച പോലുള്ള കാരണങ്ങളാൽ ആഴ്ചകളോളം വൈദ്യുതി ലഭ്യമാകാത്ത , സാഹചര്യം ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട ജില്ലയിലെ നീക്കിയിരിപ്പും ലഭ്യതയും അനുസരിച്ച് ആദിവാസികൾക്ക് കൂടുതൽ മണ്ണെണ്ണ നല്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നല്കുന്നതാണ്.

സെക്ഷൻ ഓഫീസർ